പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 91 — 30/6/2011-ലെ മറുപടിക്ക്

മൊബൈൽ ഫോൺ ദുരുപയോഗവും ലഹരി വസ്തുക്കളുടെ ഉപയോഗവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി. | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മൊബൈൽ ഫോൺ ദുരുപയോഗം വിദ്യാർത്ഥികൾക്കിടയിലും സ്കൂളുകളിലും ഒട്ടേറെ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഇതിന്മേലുള്ള നിയന്ത്രണം കൂടുതൽ കർക്കശമാക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ ; | (എ) | 24/6/05 തീയതിയിലെ സ.ഉ. (ആർ.റ്റി) നം. 1102/05/ഉ.വി.വ. പ്രകാരം ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂളുകളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം തടയുന്നതിനായി കർശന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി സ്കൂൾതലത്തിലും, ജില്ലാ തലത്തിലും എത്തിക്സ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർ കമ്മിറ്റി ചെയർമാനും പി.റ്റി.എ. പ്രസിഡന്റ് വൈസ് ചെയർമാനുമാണ്. സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ പഞ്ചായത്തംഗം / കോർപ്പറേഷൻ / മുനിസിപ്പാലിറ്റി വാർഡ് കൗൺസിലർ എത്തിക്സ് കമ്മിറ്റിയിലെ പ്രത്യേക ക്ഷണിതാവാണ്. ജില്ലാതല കമ്മിറ്റിയുടെ കൺവീനർ ജില്ലാ കളക്ടറും പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഡിസ്ട്രിക്ട് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ അംഗങ്ങളുമാണ്. കൂടാതെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ജോയിന്റ് കൺവീനറുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അദ്ധ്യാപകരും ക്ലാസ്സിൽ മൊബൈൽ ഫോൺ കൊണ്ടു പോകുന്നത് |

മേൽ ഉത്തരവ് പ്രകാരം നിരോധിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും മേൽ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് എത്തിക്സ് കമ്മിറ്റിക്ക് അധികാരമുണ്ട്. കൂടാതെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരു സീനിയർ അദ്ധ്യാപകന്റെ നേതൃത്വത്തിൽ സർപ്രൈസ് ഇൻസ്പെക്ഷൻ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. സർപ്രൈസ് സ്ക്വാഡ് അതാത് സ്ഥാപനങ്ങളിൽ കർശനമായ പരിശോധന നടത്തേണ്ടതാണ്. കൂടാതെ മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങൾക്ക് ഐ.റ്റി. (അമന്റ്മെന്റ്) ആക്ട് 2008 പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് അശ്ലീല ചിത്രങ്ങൾ പകർത്തി ഇന്റർനെറ്റ് വഴിയും മൊബൈൽ ഫോൺ വഴിയും പ്രചരിപ്പിക്കുന്ന കുറ്റകൃത്യത്തിന് Sect. 66E, 67, 67A, 67B IT (amendment) Act 2008 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. മൊബൈൽ ഫോണിൽ കൂടിയും ഇന്റർനെറ്റ് വഴിയും വ്യക്തിഹത്യ നടത്തുന്ന ദൃശ്യങ്ങളോ മെസേജുകളോ പ്രചരിപ്പിക്കുന്നത് Sec.66A(a)(b)(c) of IT (Amendment) Act 2008 പ്രകാരം കുറ്റകൃത്യമായതിനാൽ അപ്രകാരം ലഭിക്കുന്ന പരാതികളിന്മേലും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. മൊബൈൽ ഫോണുകളുടെ ദുരുപയോഗവും, അമിതോപയോഗവും ഉണ്ടാക്കുന്ന സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപകരും, അദ്ധ്യാപക രക്ഷാകർതൃസംഘടനകളും നിയമപാലകരും സംയുക്തമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ പത്ര മാധ്യമങ്ങളിലൂടെയും, ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയും ദുരുപയോഗത്തിനെതിരെയും, ശിക്ഷണ നടപടികളെക്കുറിച്ചും വേണ്ടത്ര പ്രചാരണവും നടത്തി വരുന്നു. മുൻവിവരിച്ച നടപടികൾ

കൂടുതൽ ജാഗ്രതയോടെ നടപ്പിലാക്കുന്നതാണ്. മൊബൈൽ ഫോണും മറ്റു ഐറ്റി സാങ്കേതങ്ങളും ദുരുപയോഗം ചെയ്യുന്നതിനെതിരെയുള്ള കാര്യങ്ങൾ സ്കൂൾ പാഠപുസ്തകങ്ങളിൽ ചേർക്കുവാൻ SCERT ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾക്കിടയിൽ കണ്ടു വരുന്ന ലഹരിവസ്തുക്കൾ, മയക്കു മരുന്നുകൾ എന്നിവയുടെ ഉപയോഗം പൂർണ്ണമായും തടയുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ പരിസരത്ത് പുകയിലയും പുകയില ഉൽപന്നങ്ങളും വിൽക്കുന്നതിലുള്ള നിയന്ത്രണം കർശനമാക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(ബി) വിദ്യാലയങ്ങളുടെ പരിസരത്ത് സ്ഥിതി ചെയ്യുന്ന കടകളിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും സൂക്ഷിക്കുന്നതും കർശനമായി തടയുന്നതിന് കടകളിൽ പരിശോധന നടത്തി ലഹരി വസ്തുക്കളും, പുകയില ഉൽപ്പന്നങ്ങളും പിടിച്ചെടുത്ത് 118(1) of KP Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. കൂടാതെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും നിരോധനം ശരിയായരീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും സ്കൂളിന്റെ 100 മീറ്റർ ചുറ്റളവിൽ ലഹരി പദാർത്ഥങ്ങൾ വില്പന നടത്തില്ലെന്ന് ഉറപ്പ് വരുത്തുവാനും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പ്രധാന അദ്ധ്യാപകർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. 8/6/11 തീയതിയിലെ സർക്കുലർ നം. 16/2011 പ്രകാരം, സ്കൂൾ പരിസരത്ത് ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നതിനെതിരെ സ്കൂളധികൃതരും പോലീസ് വകുപ്പും ഏകീകൃതമായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ.ഉ.(എം.എസ്) നം.136/2011/പൊ.വി. പ്രകാരം പാൻ മസാല തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും ഇവയുടെ നിരോധനം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസരപ്രദേശങ്ങളിലും ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ വിദ്യാഭ്യാസ

സ്ഥാപനങ്ങളിലെയും പ്രധാന അദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. മയക്കുമരുന്നിനെതിരെയുള്ള ശക്തമായ സന്ദേശങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരി മരുന്നുകൾ, മയക്കുമരുന്നുകൾ മുതലായവയുടെ ദുരുപയോഗത്തിനെതിരെ അതീവജാഗ്രതയോടെ നടപടികൾ തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗവും സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവയും നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

സർക്കാർ ഉത്തരവ് (ആർ.റ്റി)നം.1102/05/ഉവിവ തിരുവനന്തപുരം,

തീയതി 24.06.2005

---

പരാമർശം : സർക്കാർ ഉത്തരവ് (ആർ.റ്റി)നം.346/05/ഉവിവ തീയതി 1.3.2005

ഉത്തരവ്

വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ, ഫോണിന്റെ ഉപയോഗം തടയുന്നതിനും, അശ്ലീല ചുവയുള്ള സിനിമാറ്റിക് ഡാൻസ്, ഫാഷൻ ഷോ എന്നിവ നിരുത്തലാക്കുകയും ചെയ്യുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്സ് കമ്മിറ്റികൾ രൂപീകരിക്കുവാൻ പരാമർശ പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഈ നിർദ്ദേശങ്ങൾക്കു ശേഷവും മൊബൈൽ ഫോണുകളുടെ ഉപയോഗം നിർബാധം തുടരുന്നതായും അശ്ലീല ചുവയുള്ള സിനിമാറ്റിക് ഡാൻസും, ഫാഷൻ ഷോകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുള്ളതിനാൽ ഇവ പൂർണ്ണമായും ഒഴിവാക്കുന്നതിനായും, കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവൺമെന്റ്/ ഗവൺമെന്റിതര) ഫാഷൻ ഷോ, സിനിമാറ്റിക്സ് ഡാൻസ് എന്നിവ നിരോധിച്ചിരിക്കുന്നു. എന്നാൽ അതതു സ്ഥാപനത്തിലെ എത്തിക്സ് കമ്മിറ്റികളുടെ അംഗീകാരത്തോടെ പരമ്പരാഗത കലാ സാംസ്കാരിക പരിപാടികൾ നടത്താവുന്നതാണ്.

ii) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (ഗവൺമെന്റ്/ഗവൺമെന്റിതര) ക്യാമറ സംവിധാനമുള്ള മൊബൈൽ ഫോൺ നിരോധിച്ചിരിക്കുന്നു.

a) സ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിലുള്ള വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളതല്ല. അദ്ധ്യാപകർ ക്ലാസിൽ മൊബൈൽ ഫോൺ കൊണ്ടുപോകാൻ പാടില്ല.

b) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലാസ്സ് മുറികളിലും ക്യാമ്പസിനകത്തും മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്തിരിക്കേണ്ടതാണ്.

18

No. T1.48200/2011
Police Headquarters,
Thiruvananthapuram.
Dated: 08 06-2011.

## Circular No. 16/2011

Sub:- Safety and Security of Children – "School Protection Groups" in Schools – Formation – regarding

In order to ensure safety of children and to curb tendency for juvenile delinquency as well as to protect children from becoming victims of illegal activities, it is suggested that wherever possible District Police Chiefs may take the initiative to form "School Protection Groups" for every school where creation of such a group is feasible. This will be purely a voluntary effort, without any compulsion on any one to form or join such a group.

School Protection Group (SPG) of each School may be chaired by either the Head of the Institution or the President of the Parent Teacher Association. The Convener of the Group can be the local Station House Officer and the Joint Convener may be a police officer designated by the SHO. The members of the group may consist of Ward Member / Ward Councillor, School student leader, two willing parents, two willing teachers, one respectable merchant of the locality, one respectable auto driver, a representative of the Jagaratha Samiti or SPC, as well as some respectable residents of the area.

The duties of SPG will be the following:

(1) To take action to ensure traffic safety in the school area and surroundings.

(2) To collect and communicate information regarding selling of supply of drugs and narcotic substances, pornographic material, sale of tobacco products, pan masala, alcoholic beverages, etc.

(3) To collect information about students who go away from the school during class hours and loiter in the vicinity.

(4) To keep watch over persons who befriend children with a view to exploiting them for illegal or immoral activities.

District Police Chiefs may seek the co-operation of the Local Bodies and Education Department officials in this regard.

**STATE POLICE CHIEF**
**Kerala**

To All officers in list 'B' for information and necessary action. All are requested to circulate the same among all your subordinates and ensure compliance.

Copy to: CAs to officers in PHQ / Circular File / Stock File

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസര പ്രദേശങ്ങളിലും ലഹരി പദാർത്ഥങ്ങളുടെ നിരോധനം - ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ:ഉ(എം.എസ്.) നം. 136/2011/പൊ.വി.വ. തിരുവനന്തപുരം, തീയതി, 6-6-2011.

---

<u>ഉത്തരവ്</u>

പാൻമസാല തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും ഇവയുടെ നിരോധനം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസരപ്രദേശങ്ങളിലും ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പ്രധാന അദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
ജെയിംസ് വർഗ്ഗീസ്.
**ഗവൺമെന്റ് സെക്രട്ടറി.**

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം.
ഡയറക്ടർ,വൊക്കേഷണൽ വിദ്യാഭ്യാസം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
(. . . . . . . . . . . . . . . . . . . .)
ഉന്നതവിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

എസ്.ആർ/7/6/11

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 92 30/06/2011 ൽ മറുപടിയ്ക്ക്

**റീസർവ്വേ നടപടികളുടെ പുരോഗതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഉമ്മർ:<br>ശ്രീ. കെ. എൻ. എ. ഖാദർ:<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റീസർവ്വെ നടപടികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) റീസർവ്വേ നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; | (ബി) | ആകെയുള്ള 1604 റീസർവ്വേ വില്ലേജുകളിൽ (1634 റവന്യൂ വില്ലേജുകൾ), 766 വില്ലേജുകൾ റീസർവ്വെ ജോലി പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 302 വില്ലേജുകളുടെ റീസർവെ ജോലികൾ പുരോഗതിയിലാണ്. അവയിൽ 27 ബ്ലോക്കുകൾ റീസർവെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (സി) റീസർവ്വെ നടപടികളോടൊപ്പം ബന്ധപ്പെട്ട റവന്യൂ റിക്കാർഡുകളും, ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ കൈവശ രേഖകളും ഒത്തു നോക്കാതെ, റീസർവ്വെ റിക്കാർഡുകൾ തയ്യാറാക്കുന്നതുമൂലം വസ്തു ഉടമകൾ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) എങ്കിൽ റീസർവ്വേ ഉദ്യോഗസ്ഥരും, റവന്യൂ ഉദ്യോഗസ്ഥരും സംയുക്തമായി കൈവശ രേഖകൾ പരിശോധിച്ച് ഓരോ സർവെ നമ്പരിലെയും രേഖകൾ തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ; | (ഡി) | നിർദ്ദേശം നൽകുന്നതാണ്. നിലവിൽ റീസർവ്വെ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനായി താലൂക്ക്തലത്തിൽ, അഡീഷണൽ തഹസീൽദാരുടെ നേതൃത്വത്തിൽ റവന്യൂ, സർവെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) ഇതു സംബന്ധിച്ച രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | റീസർവെ പൂർത്തീകരിച്ച വില്ലേജുകളിൽ കമ്പ്യൂട്ടർവൽക്കരണം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.93 — 30.06.2011 - ൽ മറുപടിക്ക്

## ദേശീയപാത 47, 17 എന്നിവ നാലുവരി പാതയാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.സത്യൻ<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.സാജു പോൾ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതു. മരാമത്ത് വകുപ്പുമന്ത്രി) |

(എ) ദേശീയപാത 47, 17 എന്നിവ നാലുവരി പാതയാക്കുമ്പോൾ നൽകേണ്ടിവരുന്ന നഷ്ടപരിഹാരവും പുനരധിവാസവും സംബന്ധിച്ച് സർക്കാർ തലത്തിൽ സമന്വയം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എ) 17.08.2010 - ൽ മുൻമുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ പുനരധിവാസപാക്കേജ് തയ്യാറാക്കുകയുണ്ടായി. ആയതനുസരിച്ച് ഏറ്റെടുക്കപ്പെടുന്ന ഭൂമിക്ക് പ്രഖ്യാപിച്ച കമ്പോളവില നൽകുക, വീടും വാണിജ്യ സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെതൊട്ട് പിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്നരഹിതമായി സ്ഥലമേറ്റെടുപ്പ് പ്രക്രിയ നടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോംപ്ലക്സ് /വീട് എന്നിവ നിർമ്മിച്ച് നൽകുക, സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പ് വർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവും കൂടി ചേർത്ത് കെട്ടിട വിലനിർണ്ണയി ക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില

നൽകുകയും ചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോള വിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക, സ്ഥലമെടുപ്പ് കാരണം തൊഴിൽ രഹിതരാകുന്നവർക്ക് Industrial Dispute Act പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃത മായി താമസിക്കുന്നവർക്കും ചെറിയകച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസ ത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ട പ്പെടുന്നവർക്ക് 6 മാസത്തേയ്ക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക, പൊളിച്ചു മാറ്റപ്പെടേണ്ടി വരുന്ന ആരാധനാലയ ങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പുനരധിവാസ പാക്കേജിൽ ഏതെങ്കിലും നിലയിലുള്ള മാറ്റം വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേന്ദ്രസർക്കാരുമായി ഇക്കാര്യത്തിൽ വിശദമായ ചർച്ചകൾ നടത്തേണ്ടതുണ്ട്.

(സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ അന്തിമമായി തീരുമാനിച്ചിരിക്കുന്ന നിലപാട് എന്താണെന്ന് സംസ്ഥാന സർക്കാരിനറിയാമോ;

(സി) 1956 -ലെ ദേശീയപാതാ ആക്ടിലെ സെക്ഷൻ 3 ജി - പ്രകാരം പറയുന്ന നഷ്ടപരിഹാരം ഭൂഉടമകൾക്ക് നൽകുന്നതാണെന്നും, എന്നാൽ ദേശീയപാതാ റൂൾ/ആക്ട് അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അധികാരി സംസ്ഥാനത്തിന്റെ ഒരു ഉദ്യോഗസ്ഥൻ ആയിരിക്കുമെന്നതിനാൽ, സംസ്ഥാന സർക്കാർ അനുവർത്തിച്ചുവരുന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ തന്നെയായായിരിക്കണം നഷ്ടപരിഹാരതുക

കണക്കാക്കേണ്ടതാണ് എന്നുമാണ് 10.11.2010 -ൽ കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പ് മന്ത്രി ശ്രീ.കമൽനാഥ് അന്നത്തെ മുഖ്യമന്ത്രിയെ അറിയിച്ചിട്ടുള്ളത്.

(ഡി) നാലുവരി പാതയുടെ നിർമ്മാണവും ലാന്റ് അക്വിസിഷനും ഇതിനകം ഭരണാനുമതിയായ പദ്ധതികൾ ഏവ?

എൻ.എച്ച്.-17 ഉം എൻ.എച്ച്.47 ഉം ദേശീയപാതാവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ വഴി എൻ.എച്ച്.എ.ഐ.-യെ ഏൽപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 94 — 30.06.2011-ൽ മറുപടിയ്ക്ക്

അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളെ മുൻനിർത്തി ഒരു കർമ്മ പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്ജ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് അനുയോജ്യമായ പ്രദേശങ്ങൾ ഏതെല്ലാം ജില്ലകളിലാണുള്ളത് ; | എ) ഇല്ല. എന്നാൽ ഇടുക്കി ജില്ലയിലെ വാഗമൺ, കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് എന്നീ സ്ഥലങ്ങൾ അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) അഡ്വഞ്ചർ ടൂറിസം പദ്ധതി നടപ്പാക്കാനുദ്ദേശിച്ച് ഈ മേഖലയ്ക്കു വേണ്ടി മുൻ വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടോ; ഉപകരണങ്ങൾ വാങ്ങുന്നതിന് എത്ര തുക ചെലവഴിച്ചു; ഏതെല്ലാം ഉപകരണങ്ങൾ വാങ്ങി; വ്യക്തമാക്കുമോ; | ബി) ഉണ്ട്; ഉപകരണങ്ങൾ വാങ്ങുന്നതിനായി 62,88,270(അറുപത്തിരണ്ടുലക്ഷത്തി എൺപത്തിയെട്ടായിരത്തി ഇരുന്നൂറ്റി എഴുപതു) രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധയിനം ഹാംഗ് ഗ്ലൈഡറുകൾ, പാരാ ഗ്ലൈഡറുകൾ, പാരാച്യൂട്ട്, പാരാ ഗ്ലൈഡിംഗ് ഹെൽമെറ്റ്, വിഞ്ച് ഫോർ പാരാ ഗ്ലൈഡിംഗ്, യു (അസോക്ക് എന്നിവയാണ് വാങ്ങിയത്. |
| (സി) പ്രസ്തുത ഉപകരണങ്ങൾ നിലവിൽ പ്രവർത്തനയോഗ്യമാണോ; ആയത് എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്; | സി) ആണ്; അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രസ്തുത ഉപകരണങ്ങൾ നാഷണൽ അഡ്വഞ്ചർ ഫൗണ്ടേഷന്റെ കേരളാ ചാപ്റ്ററിന് പാട്ടത്തിന് നൽകിയതിനാൽ അവ ഇപ്പോൾ ടി സ്ഥാപനത്തിന്റെ പക്കലാണ്. |
| (ഡി) അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നത് വഴി കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയുമോ; | ഡി) കഴിയുമെന്ന് പ്രതീക്ഷിക്കുന്നു |
| (ഇ) എങ്കിൽ പ്രസ്തുത മേഖലയിലെ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കർമ്മ പദ്ധതി വിഭാവനം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | ഇ) അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിനായി കേരള അ ഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്ന ഒരു സൊസൈറ്റി രൂപീകരിക്കുന്നതിന് 10-2-2011ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 96 — 30.06.2011-ൽ മറുപടിയ്ക്ക്

## മലയാള ഭാഷയ്ക്ക് പൈതൃക പദവി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) മലയാള ഭാഷയ്ക്ക് 'പൈതൃക പദവി' ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) മലയാള ഭാഷക്ക് പൈതൃക പദവി ലഭിക്കുന്നതിനുള്ള വിഷയങ്ങൾ പരിശോധിച്ചു സർക്കാരിനെ ഉപദേശിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചുകൊണ്ട് 19.02.09-ലെ സ.ഉ (കൈ) 2/2009/ സി.എ.ഡി പ്രകാരം ഉത്തരവായിരുന്നു. നടപടികളുടെ ഭാഗമായി ഭാഷയുടെ പഴമയും തനിമയും നിർണ്ണയിച്ച് ഡോക്യുമെന്റേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. പുതുശ്ശേരി രാമചന്ദ്രൻ, ഡോ. എം. രാമ, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ എന്നിവരടങ്ങുന്ന വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും കമ്മിറ്റിയുടെ റിപ്പോർട്ട് 12.12.2010-ൽ അന്നത്തെ സാംസ്കാരിക വകുപ്പ് മന്ത്രിയായ ശ്രീ. എം.എ. ബേബി, ബഹു.കേരള മുഖ്യമന്ത്രിയുടെ ശുപാർശ സഹിതം ബഹു: പ്രധാനമന്ത്രിക്ക് സമർപ്പിച്ചിരുന്നു. |

(..................2)

| | |
|---|---|
| (ബി) വിദ്യാലയങ്ങളിൽ മലയാളം പ്രഥമ ഭാഷയാക്കുവാൻ കേരള വിദ്യാഭ്യാസ നിയമത്തിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ ; | (ബി) സർക്കാരിന്റെ 27.06.2011-ലെ സ.ഉ (എം.എസ്) നം: 148/11/പൊ.വി പ്രകാരം മലയാളഭാഷ ഹൈസ്കൂൾ തലം വരെ ഒന്നാം ഭാഷയാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തുന്നത് ആവശ്യമായി വന്നാൽ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ഹൈസ്കൂളിൽ മലയാള വ്യാകരണം പാഠ്യ പദ്ധതിയുടെ ഭാഗമാക്കുന്നതിനായി കരിക്കുലം പരിഷ്കരിക്കുമോ ; | (സി) പുതിയ പഠനരീതിയനുസരിച്ച് വ്യാകരണം പ്രത്യേകമായി പഠിപ്പിക്കുവാൻ പാടില്ല. ഭാഷ സ്വായത്തമാക്കുമ്പോൾ വ്യാകരണം സ്വയമേവ മനസ്സിലാകത്തക്ക വിധമാണ് പാഠഭാഗങ്ങളും പഠനരീതിയും. |
| (ഡി) എയ്ഡഡ് സ്കൂളുകളിൽ, പ്രൊട്ടക്ഷന്റെ പേരിൽ മലയാളം ഭാഷാധ്യാപകരെ നിയമിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കാൻ ഉത്തരവിറക്കുമോ ? | (ഡി) പ്രൊട്ടക്ഷന്റെ പേരിൽ ഭാഷാധ്യാപകരെ നിയമിക്കുന്നതിന് പ്രത്യേക തടസ്സം നിലവിലില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 96* 30.6.2011 ൽ മറുപടിക്ക്

## റോഡപകടങ്ങൾ ഇല്ലാതാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീത ഗോപി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ ഇ. കെ. വിജയൻ<br>ശ്രീ കെ. രാജു | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ അപകട സാദ്ധ്യതാമേഖലകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽഓരോ ജില്ലയിലും എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ ആകെ 216 അപകട സാദ്ധ്യതാമേഖലകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 25 കൊല്ലം -15, പത്തനംതിട്ട - 13, ആലപ്പുഴ - 34, കോട്ടയം - 7, ഇടുക്കി - 5, എറണാകുളം - 33, തൃശ്ശൂർ - 24, പാലക്കാട് -6, മലപ്പുറം - 9, കോഴിക്കോട് - 26, വയനാട് - 9, കണ്ണൂർ - 6, കാസർഗോഡ് - 4. |
| (ബി) ഈ മേഖലകൾ അപകട വിമുക്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവ വിശദമാക്കുമോ ; | (ബി) റോഡ് സുരക്ഷ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് ഈ മേഖലകൾ അപകട വിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ആദ്യഘട്ടമായി അനുവദിച്ച 450 ലക്ഷം രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ അപകട സാദ്ധ്യതാസ്ഥലങ്ങൾ അപകടവിമുക്ത മാക്കുന്നതിനുള്ള പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. |

(സി) സംസ്ഥാനത്ത് റോഡപകടങ്ങൾ ഇല്ലാതാക്കുന്നതിന് മരാമത്ത് വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?:

(സി) റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് എല്ലാ അപകട മേഖലകളും അപകട വിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എല്ലാ റോഡുകളിലും സൈൻ ബോർഡുകൾ ആവശ്യാനുസരണം സ്ഥാപിക്കുക, സ്കൂൾ മേഖലകൾ അപകട വിമുക്തമാക്കുക എന്നിവയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ സ്കൈ വാക്കുകൾ, ബസ് ബേകൾ എന്നിവ നിർമ്മിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. നഗര റോഡു വികസന പദ്ധതിയുടെ കീഴിൽ നിർമ്മിക്കുന്ന റോഡുകളിൽ ജ്യോമെട്രിക് കറക്ഷൻസ്, മീഡിയനുകൾ, സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗ്, പെഡസ്ട്രിയൻ ക്രോസിംഗുകൾ, നടപ്പാതകൾ ജംഗ്ഷനുകളിൽ കൈവരികൾ, ട്രാഫിക് സിഗ്നലുകൾ മുതലായവ ആവശ്യാനുസരണം ക്രമീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം-97 30.06.2011 ൽ മറുപടിയ്ക്ക്.

## അലിഗഡ് സർവ്വകലാശാലയുടെ മലപ്പുറം കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ. പികെ. അബ്ദു റബ്ബ്<br>*(വിദ്യാഭ്യാസ വകുപ്പു മന്ത്രി)* |

| | | | |
|---|---|---|---|
| (എ) | അലിഗഡ് സർവ്വകലാശാലയുടെ മലപ്പുറം കേന്ദ്രം സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) & (ബി) | സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ സെന്റർ മലപ്പുറം ജില്ലയിൽ സ്ഥാപിക്കാൻ തീരുമാനിച്ചു. ഇതിനുവേണ്ടി മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ ഏലംകുളം, ആനമങ്ങാട്, പാതായ്ക്കര എന്നീ വില്ലേജുകളിലായി ഏകദേശം 400 ഏക്കർ ഭൂമി അതിവേഗ സംവിധാനത്തിലൂടെ ഏറ്റെടുക്കാൻ തീരുമാനിച്ചു. ഇതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറേയും ഒരു അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസറേയും നിയമിച്ചു. ഇതുവരെ 335.99 ഏക്കർ ഭൂമി രണ്ട് ഘട്ടങ്ങളിലായി ഏറ്റെടുത്ത് 06.03.2010, 28.12.2010 എന്നീ തീയതികളിൽ സർവ്വകലാശാലാ അധികൃതർക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | ഇതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതു വരെയായി ; | | |
| (സി) | ഈ കേന്ദ്രത്തിൽ ഏതൊക്കെ കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; | (സി) | പ്രസ്തുത കേന്ദ്രത്തിൽ നിലവിൽ എം.ബി.എ, പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽ.എൽ.ബി.കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സർവ്വകലാശാലാ കാമ്പസ് വരുമ്പോൾ ഉണ്ടാകാവുന്ന മാറ്റങ്ങൾക്കനുസരിച്ച് പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് എന്തെല്ലാം നടപടികളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | അടിസ്ഥാനസൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത്, ജലവിഭവം, വൈദ്യുതി എന്നീ വകുപ്പുകളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 98** **30.06.2011- ൽ മറുപടിനൽകേണ്ടത്.**

**റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരണം**

**ചോദ്യം**

**ശ്രീമതി ഇ.എസ്. ബിജിമോൾ**

**ശ്രീ.വി.എസ്.സുനിൽകുമാർ**

**മറുപടി**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**(റവന്യൂ വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ), (ബി) ആന്റ് (സി) പരിശോധിക്കുന്നതാണ് |
| (ബി) ഭൂമി തട്ടിപ്പുകളും, ഫ്ളാറ്റ് തട്ടിപ്പുകളും തടയുന്നതിന് 1983-ലെ കേരള അപ്പാർട്ടുമെന്റ് ഓണർഷിപ്പ് ആക്ട് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | |
| (സി) ഈ തട്ടിപ്പുകളിൽ ഉൾപ്പെടാതിരിക്കുവാൻ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 99** **30/6/2011-ലെ മറുപടിക്ക്**

## വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി. രാജേഷ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീമതി കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്താനും നിയമവ്യവസ്ഥ പ്രകാരമുള്ള പ്രവൃത്തി ദിവസങ്ങൾ ഉറപ്പുവരുത്താനും കൈക്കൊണ്ട കാര്യക്ഷമവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ തുടർന്നും നടത്താൻ മുൻകൈയെടുക്കുമോ ; | (എ) വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്തുവാനും നിയമവ്യവസ്ഥ പ്രകാരമുള്ള പ്രവൃത്തി ദിവസങ്ങൾ ഉറപ്പു വരുത്താനും കാലാകാലങ്ങളിൽ കൈക്കൊണ്ടിട്ടുള്ള കാര്യക്ഷമവും മാതൃകാപരവുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതാണ്. ശനിയാഴ്ച ഉൾപ്പെടെയുള്ള ദിവസങ്ങൾ പ്രവൃത്തി ദിവസമായി ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും അദ്ധ്യാപക രക്ഷാകർതൃ സമിതികളേയും അദ്ധ്യാപക സംഘടനകളേയും മറ്റും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഇടപെടലുകൾക്ക് മുൻ കാലത്ത് നേട്ടം കൈവരിക്കാൻ സാധിച്ചു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ പ്രസ്തുത നേട്ടങ്ങൾ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (ബി)<br>(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും അദ്ധ്യാപക രക്ഷാകർതൃ സമിതികളേയും അദ്ധ്യാപക സംഘടനകളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം വഴി വിദ്യാലയാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സ്കൂളുകളിലെ ടോയ്‌ലെറ്റ്, ലൈബ്രറി, ലബോറട്ടറി, കുടിവെള്ളം, ക്ലാസ് മുറികൾ എന്നീ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമായി നിരീക്ഷിക്കുന്നതിനും കഴിയണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ നയത്തിന് രൂപം നൽകേണ്ടതുണ്ട്. അതേ സമയം നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസ നിയമമനുസരിച്ച് സർക്കാർ സ്കൂളുകളിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ. 100. 30/06/2011-ൽ മറുപടിയ്ക്ക്

വികസന പദ്ധതികൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്ക് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | എ) സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്ക് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നത് 1894-ലെ കേന്ദ്ര പൊന്നുംവില നിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള 1990-ലെ കേരള പൊന്നുംവില ചട്ടം അനുസരിച്ചാണ്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സമഗ്രമായ പുനരധിവാസ പാക്കേജ് നടപ്പാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. |
| ബി) ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂഉടമയ്ക്കും തൊഴിൽ രഹിതരാകുന്നവർക്കും ഭൂരഹിതരാകുന്നവർക്കും പ്രത്യേക പാക്കേജുകൾ ഏർപ്പെടുത്താനുദ്ദേശമുണ്ടോ ; ഇക്കാര്യത്തിൽ സർക്കാരിന്റെ പരിഗണനയിലുള്ള സ്കീം എന്താണെന്നും ഏതെല്ലാം നിലയിലുള്ള അക്വിസിഷനുകൾക്കാണ് ഇത് ബാധകമാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ; | ബി) വിവിധ പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂരഹിതരാകുന്നവർക്ക് അർത്ഥനാധികാരിയും ബന്ധപ്പെട്ട സർക്കാർ വകുപ്പും കൂടി തീരുമാനിച്ച പാക്കേജുകൾ നടപ്പാക്കുന്നുണ്ട്. സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിൽരഹിതരായ ഭൂവുടമകളെ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്താറുണ്ട്. |
| സി) വികസന പദ്ധതികൾക്കായി സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമി അക്വയർ ചെയ്തു കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ? | സി) ഭൂമി പൊന്നുംവില നിയമവും ചട്ടവും പ്രകാരം പൊതു ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഭൂമി ഏറ്റെടുത്തു വരുന്നത്. സ്വകാര്യ വ്യക്തികൾക്ക് ഭൂമി അക്വയർ ചെയ്ത് നൽകണമെങ്കിൽ ഭൂമി പൊന്നുംവില സംബന്ധിച്ച 1894-ലെ ആക്റ്റിൽ കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

- - -

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 101* 30.6.2011 ൽ മറുപടിക്ക്

മരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. വി. ശശി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) മരാമത്തു വകുപ്പിന്റെ കീഴിൽ നടക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും പരിശോധിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | (എ) മരാമത്ത് വകുപ്പിന്റെ കീഴിൽ ഗുണനിലവാരംപരിശോധിക്കുന്നതിന് നിലവിൽ ദേശീയപാതാ വിഭാഗത്തിൽ മാത്രം എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിലായി ഓരോ ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷനുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്. ദേശീയ പാതയുടെ എല്ലാ പ്രവൃത്തികളും ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചാണ് നടത്തി വരുന്നത്. ഈ സ്പെസിഫിക്കേഷൻ അനുസരിച്ചാണ് പ്രവൃത്തികൾ നടത്തുന്നതെന്ന് ഫീൽഡ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. റോഡ്സ് വിഭാഗത്തിൽ ആറ് ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ഉണ്ട്. |

(ബി) ഇതിനായി ജില്ലാതലത്തിൽ ഗുണനിലവാര പരിശോധനാ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ല. ജില്ലാതലത്തിൽ ഗുണനിലവാരപരിശോധനാ സംവിധാനം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഗുണനിലവാര പരിശോധനയ്ക്കും നിയന്ത്രണത്തിനുമായി എന്തെല്ലാം അത്യാധുനിക സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) ഗുണനിലവാര പരിശോധനയ്ക്കും നിയന്ത്രണത്തിനുമായി ഓരോ ജില്ലയിലും അത്യാധുനിക സംവിധാനങ്ങളോടുകൂടിയ പരിശോധനാ ലാബുകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.102 30.06.2011 -ൽ മറുപടിക്ക്**

## എം.സി.റോഡ് നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്. | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) എം.സി.റോഡ് നവീകരണ ജോലികൾ എത്രത്തോളം പൂർത്തിയാക്കാൻ സാധിച്ചു; വിശദാംശങ്ങൾ നൽകുമോ; | (എ) കെ.എസ്.ടി.പി. ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ അങ്കമാലി-മൂവാറ്റുപുഴ, ചെങ്ങന്നൂർ-തൈക്കോട് എന്നീ എം.സി.റോഡുകളുടെ പുനർനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. എന്നാൽ ചെങ്ങന്നൂർ-തൈക്കോട് റോഡിന്റെ ഓട നിർമ്മാണവുമായി ബന്ധപ്പെട്ട അവസാന ജോലികൾ പൂർത്തീകരിച്ചു വരുന്നതേയുള്ളൂ. ചെങ്ങന്നൂർ - മൂവാറ്റുപുഴ റോഡിന്റെ പുനർനിർമ്മാണം കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്. എം.സി.റോഡിൽ കേശവദാസപുരം മുതൽ നാലാഞ്ചിറ വരെയുള്ള ഭാഗം ചീഫ് എഞ്ചിനീയർ, ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്നതാണ്. പ്രസ്തുത ഭാഗം നാലുവരി പാതയാക്കി വികസിപ്പിക്കുന്ന പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. ഇനി ബാക്കിയുള്ള പണികൾ Bituminous Concrete ഉം, |

| | |
|---|---|
| | Median , Kerb എന്നിവയുടെ പെയിന്റിംഗും സൈൻ ബോർഡ് സ്ഥാപിക്കലും മാത്രമാണ്. BSNL Store Yard - ന്റെ സ്ഥലം ഇതുവരെയും റോഡ് വികസനത്തിനായി വിട്ടുകിട്ടിയിട്ടില്ല. ആയതിനാൽ ഈ ഭാഗത്തെ ഓട നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. |
| (ബി) പ്രസ്തുത റോഡിലെ ഓടകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലാ എന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ചിലയിടങ്ങളിൽ ഓടകളുടെ നിർമ്മാണം പൂർത്തീകരിയ്ക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഓടകളുടെ അഭാവം നിമിത്തം പല സ്ഥലങ്ങളിലും മഴക്കാലത്ത് റോഡിലൂടെ കുത്തിയൊഴുകുന്ന ജലം നവീകരിച്ച റോഡിന്റെ ആയുസ്സ് കുറയ്ക്കുന്നതും വർദ്ധിച്ച തോതിലുള്ള റോഡപകടങ്ങൾക്ക് കാരണമാകുന്നതുമാണെന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ;<br>(ഡി) എങ്കിൽ നവീകരിച്ച എം.സി. റോഡിലെ ഓടകളുടെനിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) & (ഡി) ഇക്കാര്യം സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ട്. അതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 103*</u>      <u>30.06.2011 ൽ മറുപടിക്ക്</u>

## പൊതുമരാമത്ത് വകുപ്പിന്റെ നൂറ് ദിന പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. എസ് രാജേന്ദ്രൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് നൂറ് ദിന പരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) ഉണ്ട്. വിശദാംശം അനുബന്ധം എയിൽ ചേർത്തിട്ടുണ്ട് |

(ബി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയതും നിലവിൽ പുരോഗമിക്കുന്നതും നിർമ്മാണത്തിലിരിക്കുന്നതുമല്ലാത്ത എന്തെങ്കിലും പരിപാടി പ്രഖ്യാപിച്ചവയിൽ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ഇത്തരത്തിൽ പുതുതായി പ്രഖ്യാപിച്ച പ്രവൃത്തികൾക്ക് ബഡ്ജറ്റിൽ പ്രൊവിഷനുണ്ടോ; ഇല്ലെങ്കിൽ തുക എങ്ങനെ സമാഹരിക്കുവാനാണുദ്ദേശിക്കുന്നത് ?

(ബി & സി)

ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ പുരോഗമിക്കുന്നവയുടെ പട്ടിക അനുബന്ധം ബി യിൽ നൽകിയിട്ടുണ്ട്.

പുതുതായി നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ വരുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ശബരിമലയിലേക്കുള്ള റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡുകളാക്കുന്നതിന് പദ്ധതി.

2. തിരുവല്ല ബൈപ്പാസ്, കോട്ടയം ബൈപ്പാസ് (മണർകാട് - ഏറ്റുമാനൂർ, അയർക്കുന്നം ബൈപ്പാസ്, കുറോപട ബൈപ്പാസ് എന്നിവയുടെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികളും കോഴിക്കോട് ജില്ലയിലെ തൊണ്ടയാട് ഫ്ളൈഓവർ, പന്നിയങ്കര മേൽപ്പാലം, കോതിപ്പാലം അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണത്തിനുള്ള നടപടികളും

3. കേരളാ റോഡ് സേഫ്ടി അതോറിറ്റിയുടെ സഹായത്താൽ എല്ലാ സ്കൂൾ സോണുകളിലും സീബ്രാലൈനുകൾ വരയ്ക്കുകയും ഡയറക്ഷൻ ബോർഡുകൾ സ്ഥാപിക്കുകയും ബ്ലിങ്കർ ലൈറ്റുകളും ബാരിക്കേഡുകളും സ്ഥാപിക്കലും.

4.തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ബ്ളാക്ക് സ്പോട്ട് ട്രീറ്റ്മെന്റ് സംവിധാനം.

5. ശബരിമലയിലെ അപകട സാദ്ധ്യതയുള്ള വളവുകളിൽ ക്രാഷ് ബാരിയറുകളും ഡയറക്ഷൻ ബോർഡുകളും സ്ഥാപിക്കൽ. പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപിക്കാനിരിക്കുന്നതേയുള്ളു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.104 30.06.2011 - ൽ മറുപടിക്ക്

## റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി

| | ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(ബഹു. മരാമത്ത് വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണമാണ് നടന്നുവരുന്നത്; | (എ) | റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ (RBDCK) ചുമതലയിൽ 13 ഉം പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ ചുമതലയിൽ 2 ഉം റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. |
| (ബി) | കഴിഞ്ഞ അഞ്ചുവർഷം ഈ രംഗത്തുണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കീഴിൽ 8 മേൽ പ്പാലങ്ങളുടെയും പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ഒരു മേൽപ്പാലത്തിന്റെയും പണി പൂർത്തിയായിട്ടുണ്ട്. RBDCK -യുടെ കീഴിൽ പുതിയ 11 മേൽപ്പാലങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ട്. |
| (സി) | വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവൃത്തി ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും അതീവ ശ്രദ്ധചെലുത്തുമോ? | (സി) | മുടങ്ങിക്കിടക്കുന്ന ഒൻപത് പാലങ്ങളുടെ പണികൾ ആരംഭിക്കുകയും അതിൽ ഏഴ് എണ്ണത്തിന്റെ പണികൾ പൂർത്തിയാക്കുകയും ചെയ്തു. രണ്ട് പാലങ്ങളുടെ പണികൾ അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 105

30..06..2011 -ൽ
മറുപടിയ്ക്ക്.

## വിദ്യാഭ്യാസ രംഗത്തെ അരക്ഷിതാവസ്ഥ

**ചോദ്യം**

**ശ്രീ. എ. കെ. ബാലൻ**
**ശ്രീ. കെ. രാധാകൃഷ്ണൻ**
**ശ്രീ. ജി. സുധാകരൻ**
**ശ്രീ. എസ്. ശർമ്മ**

**ഉത്തരം**

**ശ്രീ. പി.കെ.അബ്ദു റബ്ബ്**
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ വ്യക്തമായ നിയന്ത്രണവും പരസ്പര ധാരണയും ഇല്ലാതെ സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിച്ചത് മൂലം വിദ്യാഭ്യാസ രംഗത്ത് ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ കോർപ്പറേറ്റുകളെയും സ്വകാര്യ സംരഭകരെയും വിദ്യാഭ്യാസ രംഗത്തേയ്ക്ക് കൊണ്ടുവരുന്നത് വീണ്ടും വിദ്യാഭ്യാസ രംഗത്ത് അരക്ഷിതാവസ്ഥയ്ക്ക് ഇടയാക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (ബി) (സി) & (ഡി) സ്വാശ്രയ മേഖലയിൽ പുതിയ മെഡിക്കൽ, എഞ്ചിനീയറിംഗ്, ആർട്സ് & സയൻസ്, ട്രെയിനിംഗ് കോളേജുകൾ തുടങ്ങിയവ ആരംഭിക്കുന്നതും നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതും/ സീറ്റുകൾ വർദ്ധിപ്പിക്കുന്നതും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്. വ്യക്തമായ കരാറിന്റെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ സ്വാശ്രയ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ സർക്കാർ അനുമതി നൽകാറുള്ളു. |
| (സി) വിദ്യാഭ്യാസ കച്ചവടക്കാരെ മാറ്റി നിർത്തി അവശ്യം വേണ്ടുന്ന മേഖലയിൽ സാമൂഹ്യ നിയന്ത്രണമുള്ള സ്ഥാപനങ്ങളെ സഹകരിപ്പിക്കാൻ തയ്യാറാകുമോ; | |
| (ഡി) ഏതെല്ലാം മേഖലകളിൽ കോർപ്പറേറ്റുകളെ സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.106 30.06.2011 - ൽ മറുപടിക്ക്

## ദേശീയപാതകളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബഹനാൻ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(ബഹു. മരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയപാത വികസിപ്പിക്കുമ്പോൾ സ്ഥലം നഷ്ടപ്പെടുന്നവർക്കായി ഏർപ്പെടുത്തിയിട്ടുള്ള പുനരധിവാസപാക്കേജ് എന്തെല്ലാമാണ്; | (എ) 17.08.2010 - ൽ അന്നത്തെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വ കക്ഷിയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്കായി സംസ്ഥാന സർക്കാർ പുനരധിവാസപാക്കേജ് തയ്യാറാക്കുകയുണ്ടായി. ആയതനുസരിച്ച് ഏറ്റെടുക്കപ്പെടുന്ന ഭൂമിക്ക് കമ്പോളവില നൽകുക, വീടും വാണിജ്യ സ്ഥാപനങ്ങളും നഷ്ടപ്പെടുന്ന വർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെതൊട്ട് പിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്നരഹിതമായി സ്ഥല മേറ്റെടുപ്പ് പ്രക്രിയ നടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോമ്പ്ലക്സ് /വീട് എന്നിവ നിർമ്മിച്ച് നൽകുക. സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പ് വർഷത്തെ |

റേറ്റ് ഷെഡ്യൂളും 25 ശതമാനവും കൂടി ചേർത്ത് കെട്ടിട വിലനിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില നൽകുകയും ചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോളവിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക, സ്ഥലമെടുപ്പ് കാരണം തൊഴിൽ രഹിതരാകുന്നവർക്ക് INDUSTRIAL DISPUTE ACT പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കുന്നവർക്കും ചെറിയകച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധിവാസത്തിനായി ഒരു ലക്ഷം രൂപ നൽകുക തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 6 മാസത്തേയ്ക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക. പൊളിച്ചു മാറ്റപ്പെടേണ്ടി വരുന്ന ആരാധനാലയങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ച് നൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്.

(ബി) ദേശീയപാത 45 മീറ്റർ ആയി വികസിപ്പിക്കണമെന്ന കാര്യത്തിൽ സംസ്ഥാനത്തിന് എതിരഭിപ്രായം ഉണ്ടോ;

(ബി) ഇല്ല.

| | | | |
|---|---|---|---|
| (സി) | പുനരധിവാസ പാക്കേജിന്റെ കാര്യത്തിൽ പലയിടങ്ങളിൽനിന്നും എതിർപ്പുകൾ നേരിടുന്നുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | തൽക്കാലം ഉദ്ദേശിക്കുന്നില്ല. |
| (ഇ) | 100 ദിവസത്തിനുള്ളിൽ സംസ്ഥാനത്തെ എട്ട് ദേശീയ പാതകളുടെ വികസനത്തിനുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | | ദേശീയപാത 17, 47 എന്നിവ ദേശീയപാതാവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 4 വരിയായി വികസിപ്പിക്കുകയാണ്. നിലവിലുള്ള ദേശീയപാതകളിൽ കൂടിയുള്ള സുഗമമായ ഗതാഗതത്തിന് ആവശ്യമായ അറ്റകുറ്റപണികളും സുരക്ഷയുമായി ബന്ധമുള്ള പണികളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയ പാത 47-ൽ ദേശീയപാതവികസന പദ്ധതിയിൽ ഉൾപ്പെടുത്താത്ത കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം സർക്കാർ തലത്തിൽ സ്ഥലം ഏറ്റെടുത്ത് നാല് വരിപാതയാക്കുവാനുള്ള പണിയുടെ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 107 * 30.6.2011 ൽ മറുപടിക്ക്

## റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ)<br>,, പി.കെ.ഗുരുദാസൻ<br>,, എം.ചന്ദ്രൻ<br>,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ വഴി വായ്പയെടുത്ത് റോഡുകളുടേയും പാലങ്ങളുടെയും നിർമ്മാണവും പുനരുദ്ധാരണവും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;<br><br>(ബി) ഇതിനാവശ്യമായ വായ്പ എപ്രകാരം കണ്ടെത്താനാണുദ്ദേശിക്കുന്നത് ; | (എ) & (ബി)<br>ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) ഈ ആവശ്യത്തിനായി റോഡ് ഫണ്ട് ബോർഡിനേയും, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെയും പുനഃസംഘടിപ്പിക്കാനുള്ള തീരുമാനം നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ അതനുസരിച്ച് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) ബോർഡുകളുടെയും, കോർപ്പറേഷനുകളുടെയും പുനഃസംഘടനയെക്കുറിച്ച് സർക്കാർ തീരുമാനം എടുത്തിട്ടില്ല. |

- - -

| | |
|---|---|
| (ഡി) പൊതുമരാമത്ത് വകുപ്പിൽ ഇതിനകം കൊണ്ടു വന്നിട്ടുള്ള ഇ-ടെന്ററിംഗ്, ദീർഘകാല മെയിന്റനൻസ് കോൺട്രാക്ട് എന്നിവയിൽ പരിഷ്ക്കാരങ്ങളോടുകൂടി റോഡ് പുനരുദ്ധാരണവും നിർമ്മാണവും ഈ സ്ഥാപനങ്ങൾ വഴിയും നടത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഇക്കാര്യങ്ങൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 108** | **30.06.2011 ൽ മറുപടിയ്ക്ക്**

## ബീച്ച് ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.എസ്.സുനിൽകുമാർ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.പി.തിലോത്തമൻ**<br>**ശ്രീ.കെ.അജിത്** | **ശ്രീ.എ.പി.അനിൽകുമാർ**<br>**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ മൊത്തം എത്ര കേന്ദ്രങ്ങളിൽ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. 40 കേന്ദ്രങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) ബീച്ചുകളിൽ സഞ്ചാരികൾക്കായി നടപ്പാത, ചെറിയ വിശ്രമകേന്ദ്രങ്ങൾ, ടോയിലറ്റ് സൗകര്യങ്ങൾ, ലൈറ്റിംഗ്, റെസ്റ്റാറന്റുകൾ, മറ്റ് ബ്യൂട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്. |
| (സി) ഇത്തരത്തിലുള്ള എത്ര പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ; അവ ഏതെല്ലാമാണ് ? | (സി) നിലവിൽ പുതിയ പദ്ധതികൾ ഒന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 109 — 30.06.2011-ൽ മറുപടിയ്ക്ക്

## ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ<br>ശ്രീ. എം.ഹംസ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.സാജു പോൾ | ശ്രീ എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും മാനേജ്മെന്റും ഉറപ്പാക്കാൻ സർക്കാർ രൂപീകരിച്ച ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | എ) ഉണ്ട്. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ ചെയർമാൻ, വൈസ് ചെയർമാൻ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറിമാർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് പ്രവർത്തനം അവലോകനം ചെയ്യുകയും കൗൺസിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പുതുതായി ടൂറിസം വികസിച്ചു വരുന്ന ഏതെല്ലാം പ്രദേശങ്ങളിലാണിപ്പോൾ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | സി) ഡെസ്റ്റിനേഷനുകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ മേൽനോട്ടം, മെച്ചപ്പെട്ട സൗകര്യം ഉറപ്പുവരുത്തൽ. ടൂറിസം വകുപ്പോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലോ പൂർത്തീകരിക്കുന്ന പദ്ധതികൾ ഏറ്റെടുത്തുള്ള പരിപാലനം , ഡെസ്റ്റിനേഷൻ വൃത്തിയുള്ളതും സുരക്ഷിതവുമാണെന്ന് ഉറപ്പാക്കൽ, അടിസ്ഥാന സൗകര്യവികസനം, സുരക്ഷ, സംരക്ഷണം അനധികൃത നിർമ്മാണപ്രവർത്തനങ്ങൾ തടയൽ എന്നിവയാണ് ഉദ്ദേശലക്ഷ്യങ്ങൾ. |
| (ഡി) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ മാതൃകാ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ മാതൃകാ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിലില്ല. കൂടുതൽ സ്ഥലങ്ങളിൽ കൗൺസിലുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

# District wise Destination Management Councils

| | |
|---|---|
| 1. Thiruvananthapuram | 1.Neyyar Dam<br>2. Shangumukham<br>3. Veli |
| 2. Kollam | 1.Asramam<br>2.Ashamudi |
| 3. Pathanamthitta | 1. Aranmula<br>2.Perumthenaruvi |
| 4. Idukky | 1. Vagamon<br>2. Ramakkal medu |
| 5. Alappuzha | 1. Aroor<br>2.Kuttanad |
| 6. Ernakulam | 1.Kalady<br>2.Kadambrayar |
| 7. Palakkad | 1.Malampuzha<br>2.Mangalam Dam |
| 8. Malappuram | 1. Kadalundy<br>2. Nila |
| 9. Kozhikode | 1.Iringal<br>2.Kappad<br>3.Thusharagiri<br>4.Beypur<br>5.Peruvannamuzhy |
| 10. Wayanad | 1.Kuruva<br>2.Thirunelli<br>3.Edakkal |
| 11. Kannur | 1. Muzhuppilangad<br>2.Thalasseri<br>3.Parassinikkadavu<br>4.Pythalmala<br>5.Pazhassi |
| 12. Trissur | 1. Guruvayoor<br>2.Vazhani<br>3.Peechi<br>4.Azheekode Munakkal Beach<br>5.Thalikulam |
| 13. Kasargod | 1. Bekal<br>2. Ranipuram |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 110      30.06.2011-ൽ മറുപടിക്ക്

### മലയാളം ഒന്നാം ഭാഷയാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി | ശ്രീ. പി.കെ. അബ്ദു റബ്ബ് (പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) വിദ്യാലയങ്ങളിൽ മലയാളം ഒന്നാം ഭാഷയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് . |
| (ബി) ഇത് സംബന്ധിച്ച കഴിഞ്ഞ സർക്കാരിന്റെ തീരുമാനങ്ങൾ വിശദമാക്കാമോ ;<br><br>(സി) ഇത് നടപ്പിലാക്കാൻ മുൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) & (സി) മലയാള ഭാഷ ഒന്നാം ഭാഷയാക്കാൻ കഴിഞ്ഞ സർക്കാർ തീരുമാനിച്ചിരുന്നില്ല. എന്നാൽ 2011-12 അധ്യയന വർഷം തന്നെ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് 08.05.11-ലെ സ.ഉ (എം. എസ്) 103/11/പൊ.വി. നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |

(...............2)

(ഡി) ഈ സർക്കാർ മലയാളം ഒന്നാം ഭാഷയാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

(ഡി) 27.06.2011-ലെ സാ.ഉ (എം.എസ്) നം: 148/11/പൊ.വി. പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ പത്താം ക്ലാസ്സ് വരെ മലയാളം ഒന്നാം ഭാഷയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കന്നട, തമിഴ് മുതലായവ മാതൃഭാഷയായുള്ള ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് അവരവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി പഠിക്കാനുള്ള നിലവിലുള്ള സംവിധാനം തുടരാനും എന്നാൽ അവർ ഒന്നാം ഭാഷയുടെ രണ്ടാം പേപ്പറായി മലയാളം പഠിക്കേണ്ടതാണെന്നും ആയതിനു - സമാനമായ സംവിധാനങ്ങൾ ഓറിയന്റൽ സ്കൂളുകളിലും തുടരാനും തീരുമാനിച്ചിട്ടുണ്ട്. രാവിലെ സ്കൂൾ തുറക്കുന്നതിനു മുമ്പോ ഇന്റർവെൽ സമയത്തോ സ്കൂൾ അടക്കുന്ന സമയം ദീർഘിപ്പിച്ചോ ഐറ്റിയുടെ സമയം കുറക്കാതെ തന്നെ മലയാളം രണ്ടാം പേപ്പറിന്റെ വർദ്ധിപ്പിച്ച ഒരു പീരിയഡ് ക്രമീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *111

30.06.2011- ൽ
മറുപടിയ്ക്ക്

## ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. എം.എ.ബേബി<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | ജസ്റ്റിസ് പി.എ.മുഹമ്മദ് കമ്മിറ്റിപിരിച്ചു വിടാൻ ആലോചിക്കുന്നുണ്ടോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല |
| (ബി) | പ്രൊഫഷണൽ പ്രവേശനം സംബന്ധിച്ച മന്ത്രിസഭാ ഉപസമിതി ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായോ; വിശദാംശം നൽകുമോ ; | (ബി) | ഉദിക്കുന്നില്ല |
| (സി) | പ്രവർത്തനം സംബന്ധിച്ച സർക്കാരിന്റെയും ബന്ധപ്പെട്ട കൗൺസിലുകളുടേയും നിർദ്ദേശങ്ങൾ തുടർച്ചയായി ലംഘിച്ചുകൊണ്ടിരിക്കുന്ന ചില മാനേജ്മെന്റുകൾ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; | (സി) | സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഡി) | പ്രവേശനത്തിന്റെയും ഫീസിന്റെയും കാര്യങ്ങളിൽ സ്വാശ്രയ മാനേജ്മെന്റുകളെ ഒരു പരിധിവരെ നിയന്ത്രിക്കാൻ ജസ്റ്റിസ് പി.എ.മുഹമ്മദ് കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ടെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.112 30.06.2011-ൽ മറുപടിക്ക്

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി. പ്രവേശനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ശശി | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി. പ്രവേശനം സുതാര്യമല്ലെന്ന് ജസ്റ്റിസ് പി.എ.മുഹമ്മദ് കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പേരിൽ ഈ കമ്മിറ്റി എത്ര കോളേജുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;<br>(ബി) പി.ജി.പ്രവേശനം സംബന്ധിച്ച് എത്ര സ്ഥാപനങ്ങൾക്ക് മെഡിക്കൽ കൗൺസിൽ നിർദ്ദേശങ്ങൾ ലംഘിച്ചതിന്റെ പേരിൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) & (ബി)<br>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി. പ്രവേശനത്തിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ചതിന്റെ പേരിൽ താഴെ പറയുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് ജസ്റ്റിസ് പി.എ.മുഹമ്മദ് കമ്മിറ്റി നോട്ടീസ് അയച്ചിട്ടുണ്ട്.<br>1. അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തൃശൂർ<br>2. പുഷ്പഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻറ് റിസർച്ച് സെൻറർ, തിരുവല്ല |

3. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, കോലഞ്ചേരി

4. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻറ് റിസർച്ച് സെൻറർ, തൃശൂർ

| | |
|---|---|
| (സി) മെഡിക്കൽ പി.ജി. പ്രവേശനത്തിന് 50:50 എന്ന അനുപാതം അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; | (സി) മെഡിക്കൽ പി.ജി. പ്രവേശനം സംബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശമായ 'പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ റെഗുലേഷൻ 2000'ലെ വകുപ്പ് 9 പ്രകാരം മെഡിക്കൽ പി.ജി. പ്രവേശനത്തിന് 50:50 എന്ന അനുപാതം വ്യവസ്ഥ ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ –113      30.06.2011 ൽ മറുപടിക്ക്**

**സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ<br>ഡോ. ടി.എം. തോമസ് ഐസക്ക്<br>ശ്രീ. പി.ടി.എ. റഹിം<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പു മന്ത്രി) |
| (എ) മുൻ സർക്കാർ ആവിഷ്ക്കരിച്ച സമഗ്രറോഡ് പുനരുദ്ധാരണ പദ്ധതി എന്തായിരുന്നു; ഇത് നടപ്പിലാക്കുന്നതിനോട് പുതിയ സർക്കാരിന്റെ നിലപാട് എന്താണ്;<br><br>(ബി) പദ്ധതി മുന്നോട്ടുകൊണ്ടു പോകുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ; | (എ)<br>&<br>(ബി) | സംസ്ഥാനത്തെ റോഡുകൾ വളരെ മോശപ്പെട്ട നിലയിലായിരുന്ന സാഹചര്യത്തിൽ റോഡുകൾ ബിറ്റുമിൻ മക്കാഡം – ബിറ്റുമെൻ കോൺക്രീറ്റ് ഡിസൈനർ റോഡുകളിലേക്ക് മാറ്റുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നില്ല. ഒരു സമഗ്ര റോഡു പുനരുദ്ധാരണ പദ്ധതി മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇതിനുവേണ്ട തുക ബഡ്ജറ്റിൽ നേരിട്ട് ഉൾപ്പെടുത്തിയിരുന്നില്ല.. |

| | | |
|---|---|---|
| (സി) വർദ്ധിച്ചുവരുന്ന ഗതാഗതതിരക്കും വാഹനഭാരവും താങ്ങാൻ റോഡുകൾക്കാവുന്നില്ലെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള പരിഹാരം പരിഗണനയിലുണ്ടോ ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പരിഹാരമെന്ന നിലയിൽ തിരക്കുള്ള നഗരങ്ങളിൽ ബൈപാസുകൾ നിർമ്മിക്കുക, നിലവിലുള്ള റോഡുകളുടെ വീതി കൂട്ടുക, ഉപരിതലം ബലപ്പെടുത്തുക, റൈഡിംഗ് ക്വാളിറ്റി മെച്ചപ്പെടുത്തുക ഇത്യാദി നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിയിൻ കീഴിൽ 2011-12 സാമ്പത്തിക വർഷം നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ട റോഡുനിർമ്മാണ പ്രവൃത്തികൾഏതൊക്കെയായിരുന്നു;<br><br>(ഇ) ഇതിനായി മൊത്തം എന്തു തുക ചെലവുവരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ? | (ഡി) & (ഇ) | സംസ്ഥാനത്തെ വിവിധ റോഡുകൾ കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ ബഹു: ധനകാര്യമന്ത്രി നിർദ്ദേശിച്ചിരുന്നു. ഇതിനായി 1920 കോടി രൂപ ചെലവാകുമെന്നും പ്രസംഗത്തിൽ പരാമർച്ചിരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 114

30/6/11-ൽ
മറുപടിയ്ക്ക്

### ഡോ.യു.ആർ.അനന്തമൂർത്തി കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള:**<br>**ശ്രീ.കെ.എം.ഷാജി:**<br>**ശ്രീ.എൻ.ഷംസുദ്ദീൻ:**<br>**ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി:** | **ശ്രീ. പി.കെ.അബ്ദുറബ്ബ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ ഉയർത്തുന്നതിനായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിരുന്ന ഡോ.യു.ആർ.അനന്തമൂർത്തിയുടെ നേതൃത്വത്തിലെ കമ്മിറ്റി റിപ്പോർട്ട് പഠിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ; | ബി) അനന്തമൂർത്തി കമ്മിറ്റി തയ്യാറാക്കിയ അന്തിമ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| സി) മുൻ സർക്കാരിന്റെ കാലത്ത് ഈ ശുപാർശകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | സി) അനന്തമൂർത്തി കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ചു ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസമന്ത്രി സംസ്ഥാനത്തെ രാഷ്ട്രീയ നേതൃത്വവുമായി ചർച്ചകൾ നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് രണ്ട് സർവകക്ഷി യോഗങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് സംഘടിപ്പിക്കുകയുണ്ടായി. റിപ്പോർട്ട് നടപ്പാക്കുന്നതിനെ സംബന്ധിച്ചു അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ഈ സർക്കാർ വന്നശേഷം, ശുപാർശകൾ നടപ്പാക്കുന്നതു സംബന്ധി ച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ ? | ഡി) | റിപ്പോർട്ട് വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1.

അനന്തമൂർത്തി കമ്മിറ്റി തയ്യാറാക്കിയ അന്തിമ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെപ്പറയുന്നവയാണ്.

1. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (SGDP) 6% വും സംസ്ഥാന ബഡ്ജറ്റിന്റെ 30 % വും വിദ്യാഭ്യാസത്തിനായി വകയിരുത്തുക.

2. നിശ്ചിത പ്രായപരിധിയിലുള്ള 30 % പേർക്കെങ്കിലും വിവിധ മേഖലകളിൽ സാങ്കേതിക വിദ്യാഭ്യാസമടക്കമുള്ള ഉന്നത വിദ്യാഭ്യാസം നൽകുംവിധം വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിപ്പിക്കുകയും, വൈവിധ്യവൽക്കരിക്കുകയും ചെയ്യുക.

3. സ്വാശ്രയ മേഖലയിൽ സഹകരണ സ്ഥാപനങ്ങൾക്കും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾക്കും പ്രാമുഖ്യം നൽകുക.

4. സ്വകാര്യ ആസ്തികൾ പൊതു ഉപയോഗത്തിന് ഉതകുംവിധം പൊതു സ്വകാര്യ പങ്കാളിത്തം നടപ്പാക്കാവുന്നതാണ്.

5. നിലവിലുള്ള എല്ലാ അദ്ധ്യാപക ഒഴിവുകളും നികത്തുന്നതിന് മുന്തിയ പരിഗണന നൽകുക.

6. എല്ലാ സർവ്വകലാശാലകളിലും അക്കാദമിക് സ്റ്റാഫ് കോളേജുകൾ ആരംഭിക്കുക.

7. അദ്ധ്യാപക നിയമനത്തിന് കോളേജ് സർവ്വീസ് കമ്മീഷൻ സ്ഥാപിക്കുക.

8. സർവ്വകലാശാലകൾ വഴി കേന്ദ്രീകൃത പ്രവേശന സമ്പ്രദായം നടപ്പിലാക്കുക.

9. നിലവിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുക. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുക.

10. സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് കോളേജുകളുടെ നടത്തിപ്പിന് പ്രത്യേക സ്ഥലസൗകര്യങ്ങളും ഭരണസംവിധാനങ്ങളും സൃഷ്ടിക്കുക.

11. പാഠ്യപദ്ധതിയും, സിലബസ്സും നിരന്തരമായി പരിഷ്ക്കരിക്കുക, ഗ്രേഡിംഗ്, സെമസ്റ്റർ, ക്രഡിറ്റ്, ആന്തരിക തുടർമൂല്യനിർണ്ണയം എന്നീ സമ്പ്രദായങ്ങളും വിദ്യാർത്ഥികളുടെ പ്രതികരണങ്ങളും നിരന്തര അവലോകനത്തിന് വിധേയമാക്കുക.

12. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സംസ്ഥാനത്തിനു പുറത്തും വിദേശത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ അക്കാദമിക തലത്തിലുള്ള സഹകരണത്തിന് അവസരങ്ങളുണ്ടാക്കുക

13. വിവരാവകാശ നിയമം എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കുക.

14. സംസ്ഥാനതലത്തിൽ ഉന്നതവിദ്യാഭ്യാസ വിവര സഞ്ചിതനിധി (ഡേറ്റാ ബാങ്ക്) സ്ഥാപിക്കുക.

15. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കോളേജ് ക്ലസ്റ്ററുകൾ സ്ഥാപിക്കുക. അവയ്ക്ക് പടിപടിയായി സ്വയംഭരണാധികാരം നൽകികൊണ്ട് കാലാന്തരത്തിൽ സർവകലാശാലകളായി പരിണമിക്കുന്നതിന് അവസരമൊരുക്കുക.

16. ഒരു ഓപ്പൺസർവ്വകലാശാല ആരംഭിച്ച് വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ/ തുടർവിദ്യാഭ്യാസം എന്നിവ മറ്റു സർവ്വകലാശാലകളിൽ നിന്നും വേർപെടുത്തുക.

17. വിപുലമായ സ്കോളർഷിപ്പ് പദ്ധതികളും പലിശരഹിത വിദ്യാഭ്യാസ വായ്പകളും അനുവദിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രാപ്യതയും ഗുണമേന്മയും വർദ്ധിപ്പിക്കാൻ അവസരമൊരുക്കുക.

18. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണസംവിധാനം ധൈഷണികമായി തെളിവേറിയതും ദിശാബോധവും സാമൂഹികമായ ഉത്തരവാദിത്തവും ഉള്ളതാക്കത്തക്കവിധം സർവ്വകലാശാല നിയമങ്ങൾ പരിഷ്ക്കരിക്കുക.

19. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ജനാധിപത്യപരവും സംഘടനാപരവുമായ അവകാശങ്ങൾ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

Section officer

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 115 — 30.06.2011-ൽ മറുപടിയ്ക്ക്

## പിന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവരുടെ ഉന്നമനത്തിനുള്ള പുതിയ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. പി.കെ . ബഷീർ | | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പിന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള പുതിയ പദ്ധതികളെന്തെങ്കിലും ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | ഈ സർക്കാരിന്റെ നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി പിന്നോക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നൽകുന്ന വിദ്യാഭ്യാസ വായ്പ 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പട്ടികജാതിയിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ നൽകാനുള്ള പദ്ധതിക്ക് സമാനമായി പിന്നോക്ക സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ ഓരോ കുട്ടിക്കും സൈക്കിൾ നൽകാനുള്ള ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ; | ബി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| സി) | പിന്നോക്ക സമുദായക്ഷേമ വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) | 16.10.1999-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ (ജി.ഒ (എം.എസ്) 93/99/ എസ്.സി.എസ്.റ്റി.ഡി.ഡി) പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 116

30/6/11-ൽ
മറുപടിയ്ക്ക്

**കോളേജ് അദ്ധ്യാപകരുടെ ഉത്തരവാദിത്വം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ** | **ശ്രീ. പി.കെ.അബ്ദുറബ്ബ്** (ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സർവ്വകലാശാല, കോളേജ് അദ്ധ്യാപകരുടെ ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമ നിർമ്മാണം നടത്തണമെന്ന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | ബി) ഡോ.കെ.എൻ.പണിക്കർ അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതി; കോളേജ്, സർവ്വകലാശാല അധ്യാപകരുടെ ഉത്തരവാദിത്വം ഉറപ്പാക്കാൻ കേരള ഹയർ എജ്യുക്കേഷൻ (ഇംപ്രൂവിംഗ് ക്വാളിറ്റി എജ്യുക്കേഷൻ ബൈ എൻഷ്വറിംഗ് അക്കൗണ്ടബിലിറ്റി ഓഫ് യൂണിവേഴ്സിറ്റി ആന്റ് കോളേജ് ടീച്ചേഴ്സ്) ബിൽ 2010 എന്ന പേരിൽ നിയമ നിർമ്മാണം നടത്താനാണ് ശുപാർശ ചെയ്തിട്ടുള്ളത്. കോളേജ് സർവ്വകലാശാല അധ്യാപകരുടെ ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി കമ്മിറ്റി സമർപ്പിച്ചിട്ടുള്ള സുപ്രധാന നിർദ്ദേശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |

## അനുബന്ധം – 1
## ഡോ. കെ.എൻ. പണിക്കർ കമ്മറ്റിയുടെ പ്രധാന ശുപാർശകൾ

- സർവകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനത്തിനായി ഒരു ഏകീകൃത കലണ്ടർ തയ്യാറാക്കണം
- സെമസ്റ്ററിന്റെ തുടക്കത്തിൽതന്നെ പഠന പദ്ധതിയും ( teaching plan), പഠന സഹായികളും ( study materials) വിദ്യാർത്ഥികൾക്ക് നൽകണം.
- അന്യോന്യം ആശയസമ്പർക്കം നടത്താവുന്ന രീതിക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് അദ്ധ്യയനം മെച്ചപ്പെടുത്തണം.
- അദ്ധ്യാപകരുടെ അക്കാദമികമായ പ്രവർത്തനത്തെ വിലയിരുത്തുവാൻ വിദ്യാർത്ഥികൾക്ക് അവസരം കൊടുക്കണം.
- അദ്ധ്യാപക യോഗ്യതയ്ക്ക് യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകേണ്ടതില്ല.
- പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്കുവേണ്ടി ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.
- പരമാവധി 16 അല്ലെങ്കിൽ 14 മണിക്കൂർ മാത്രമായിരിക്കണം അദ്ധ്യാപകരുടെ ഒരാഴ്ചത്തെ ജോലിഭാരം.
- അദ്ധ്യാപകരുടെ അദ്ധ്യായന – മൂല്യനിർണ്ണയ രീതികൾ വിലയിരുത്തുന്നതിനായി സർവകലാശാലകൾ പഠന സമിതികൾ രൂപീകരിക്കണം.
- "The Scholar" പോർട്ടലിൽ എല്ലാ അദ്ധ്യാപകരും തങ്ങളെ സംബന്ധിച്ച വിവരങ്ങൾക്ക് പുറമെ ക്ലാസ്സ് നോട്ടുകൾ, പഠന സംബന്ധമായ ലേഖനങ്ങൾ എന്നിവ ഉൾപ്പെടുത്തണം.
- അക്കാദമികതലത്തിൽ അദ്ധ്യാപകർ കൈവരിച്ച നേട്ടങ്ങൾ കോളേജിന്റെ പ്രധാനപ്പെട്ട ഭാഗത്ത് പ്രദർശിപ്പിക്കണം. അദ്ധ്യാപകരുടെ പ്രബന്ധങ്ങൾ/ലേഖനങ്ങൾ എന്നിവയെ സംബന്ധിച്ച ചർച്ചകൾ സംഘടിപ്പിക്കാൻ കോളേജുകളിൽ വേദികൾ ഉണ്ടായിരിക്കണം.
- അദ്ധ്യാപകരുടെ സാന്നിദ്ധ്യം യു.ജി.സി മാനദണ്ഡപ്രകാരം കോളേജുകളിൽ ഉറപ്പുവരുത്തണം.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാരവും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിന് Kerala Higher Education (Improving Quality Education by Ensuring Accountability of University and College Teachers) Bill 2010 എന്ന പേരിൽ പുതുതായി ഒരു ബിൽ തയ്യാറാക്കി പാസാക്കണം.

Section officer

## പതിമൂന്നാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *117 — 30.06.2011- ൽ മറുപടിയ്ക്ക്

### സ്വാശ്രയ കോളേജുകളിലെ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എം.എ.ബേബി<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) |

| | | |
|---|---|---|
| (എ) | ഈ വർഷം പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് സ്വാശ്രയ കോളേജുകളിൽ 50% സീറ്റ് മെരിറ്റ് അടിസ്ഥാനത്തിൽ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ ; | **എ, ബി, സി, ഡി**<br><br>ഇതു സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതിയും എല്ലാ സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ മാനേജ്മെന്റുകളുമായുമുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ വർഷം എല്ലാ സീറ്റു കളിലേക്കും സ്വന്തം നിലയിൽ പ്രവേശനം നടത്തുമെന്ന സ്വാശ്രയ മാനേജ്മെന്റുകളുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | |
| (സി) | ഏതെല്ലാം സ്വാശ്രയ കോളേജ് മാനേജ്മെന്റ് സംഘടനകളുടെ പ്രതിനിധികളുമായി മന്ത്രി സഭാ ഉപസമിതി ചർച്ച നടത്തുക യുണ്ടായി ; ചർച്ചയിൽ ഓരോ സംഘടനയും എന്തെല്ലാം കാര്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്; സർക്കാരിന്റെ നിലപാട് എന്തായിരുന്നു; മുൻ വർഷങ്ങളിൽ 50% സീറ്റ് വിട്ട് തന്ന ഏതെങ്കിലും മാനേജ്മെന്റ് ഇപ്പോൾ മറിച്ചുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം എന്താണ്; എന്തെല്ലാം കാര്യങ്ങളിൽ അന്തിമമായി ധാരണയിലെത്തി യിട്ടുണ്ട് ; | |

........മറുപുറം

(ഡി) 50 :50 അനുപാതത്തിൽ എല്ലാ സ്വാശ്രയകോളേജുകളിലും ഈ വർഷം വിദ്യാർത്ഥി പ്രവേശനം ഉറപ്പാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഇതുവരെയും ധാരണയിലെത്താത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണ് ?

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 118 — 30-6-2011 - ൽ മറുപടിക്ക്

**അംഗീകാരം ഇല്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പി.ടി. എ. റഹീം<br>ശ്രീ. രാജു എബ്രഹാം | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അനധികൃതമായി പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകൾക്ക് അംഗീകാരം നല്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരത്തിൽ എത്ര സ്കൂളുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) 13.6.2007 ലെ സർക്കാർ ഉത്തരവ് (പി) 107/07/പൊ.വി പ്രകാരം സംസ്ഥാനത്തെ അനംഗീകൃത അൺഎയിഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നിർവാഹമില്ല. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. എന്നാൽ സി.ബി.എസ്.ഇ. അഫിലിയേഷനുവേണ്ടി അപേക്ഷിക്കുന്ന സ്കൂളുകൾക്ക് എൻ.ഒ.സി. നൽകാൻ വ്യവസ്ഥകൾക്ക് വിധേയമായി തീരുമാനമെടുത്തിട്ടുണ്ട്. മാത്രമല്ല റൈറ്റ് ടു എഡ്യൂക്കേഷൻ ആക്റ്റ് അനുസരിച്ച് സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളേയും വിലയിരുത്തി അർഹമായവയ്ക്ക് അംഗീകാരം നൽകേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അംഗീകാരംനേടിയെടുക്കുന്നതിനു വേണ്ടി മാനേജുമെൻറുകളിൽ നിന്നും ഒരു സംഘം ആളുകൾ പണപ്പിരിവ് നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മാനേജ്മെൻറുകളുടെ ഏതെല്ലാം സംഘടനകൾഈ ആവശ്യത്തിലേയ്ക്ക് നിവേദനവുമായി സമീപിച്ചിട്ടുണ്ട്; | (സി) | സമീപിച്ചിട്ടില്ല. |
| (ഡി) | മാനേജ്മെൻറുകളുടെ സമ്മർദ്ദത്തിന് വഴങ്ങിയാൽ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല തകരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | ചോദ്യം ഉദിക്കുന്നില്ല.. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 119 — 30/06/2011-ൽ മറുപടിക്ക്

### കുട്ടികളുടെ ഉച്ചഭക്ഷണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ്:<br>" കോവൂർ കുഞ്ഞുമോൻ: | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകൽ പരിപാടി വഴി ഏതെല്ലാം വിഭാഗത്തിലെ കുട്ടികൾക്കാണ് ഉച്ചഭക്ഷണം നൽകുന്നത്; | എ) | സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/ എയിഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയും, ടെക്നിക്കൽ സ്കൂളുകളിലെ 8-ാം ക്ലാസ്സിലെയും, പ്രീ-പ്രൈമറി, എം.ജി. എൽ.സി., സ്പെഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിലെ മുഴുവൻ വിദ്യാർത്ഥികളെയുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) | കൂടുതലായി ഏതെങ്കിലും വിഭാഗത്തെ ഈ പരിപാടിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | സർക്കാർ/എയിഡഡ് സ്ക്കൂളുകളിലെ 9,10 ക്ലാസ്സുകളിലെ കുട്ടികളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) | ഉച്ചഭക്ഷണത്തിന് ഇപ്പോൾ നൽകുന്ന വിഭവങ്ങൾ എന്തെല്ലാമാണ്; | സി) | കഞ്ഞി നൽകുന്ന ദിവസങ്ങളിൽ പയറും, ചോറ് നൽകുന്ന ദിവസങ്ങളിൽ രസം, സാമ്പാറ്, അവിയൽ, തോരൻ എന്നീ വിഭവങ്ങളുമാണ് നൽകുന്നത്. |
| ഡി) | കുട്ടികൾക്ക് ആഴ്ചയിൽ ഒരിക്കൽ ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | ഡി) | ആഴ്ചയിൽ ഒരു മുട്ടയും രണ്ടു ഗ്ലാസ് പാലും നൽകിവരുന്നു. |
| ഇ) | ഉച്ചഭക്ഷണ പരിപാടി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് എന്തൊക്കെയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഇ) | പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഫണ്ടുകൾ മുൻകൂറായി നൽകിവരുന്നു. സംസ്ഥാനം, ജില്ല, ഉപജില്ല തലത്തിലും, സ്ക്കൂൾ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.120 | 30.6.2011ൽ മറുപടിക്ക് |
|---|---|

## സർക്കാർ ഭൂമി സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക്:<br>ശ്രീ.സി.മോയിൻകുട്ടി :<br>ശ്രീ.പി.കെ.ബഷീർ :<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റവന്യൂ ഭൂമിയും, വനഭൂമിയും വ്യാപകമായി കയ്യേറി വ്യാജ പട്ടയങ്ങൾ ചമച്ച് കൈമാറ്റം ചെയ്യുന്ന ഭൂമാഫിയയുടെ പ്രവർത്തനം തടയുന്നതിനും, സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും ഉതകുന്നവിധം ഭൂനയത്തിൽ പരിഷ്കാരം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് റവന്യൂ ഭൂമിയും വനഭൂമിയും വ്യാപകമായി കയ്യേറി വ്യാജപട്ടയങ്ങൾ ചമച്ച് കൈമാറ്റം ചെയ്യുന്ന ഭൂമാഫിയയുടെ പ്രവർത്തനം തടയുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും ഉതകുന്നവിധമുള്ള നിയമങ്ങൾ നിലവിലുണ്ട്. ഭൂനയം പരിഷ്കരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷക്കാല-ത്തിനിടെയുണ്ടായ വ്യാപക ഭൂമി കയ്യേറ്റങ്ങളുടെ കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടെ ഉണ്ടായ അനധികൃത ഭൂമി കയ്യേറ്റങ്ങൾ 1957-ലെ കേരളാ ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ ഭൂമിയിൽ നിന്നും കൈയ്യേറ്റം ഒഴിപ്പിച്ച് ഭൂമി സംരക്ഷിക്കുകയും, കുറ്റക്കാരെ നിയമത്തിന് മുമ്പിൽ കൊണ്ട്വന്ന് ശിക്ഷിക്കുന്നതിനുള്ള എല്ലാ നടപടിയും സ്വീകരിച്ചു വരുന്നു. |
| (സി) | റവന്യൂ ഭൂമിയും, വനഭൂമിയും വേർതിരിച്ച് അളന്ന് തിട്ടപ്പെടുത്തി, അനുബന്ധ | (സി) | ഇത്തരം റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റവന്യൂ ഭൂമിയും, വനഭൂമിയും വേർതിരിച്ച് അളന്ന് തിട്ടപ്പെടുത്തി അനുബന്ധ രജിസ്റ്ററുകളിലും |

| | | | |
|---|---|---|---|
| | രജിസ്റ്ററുകളിലും മാപ്പുകളിലും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാത്തതും രണ്ടു വകുപ്പുകളും തമ്മിലുള്ള തർക്കങ്ങളും, ഏകോപനമില്ലായ്മയുമാണ് കയ്യേറ്റങ്ങൾക്ക് പ്രോത്സാഹനമാകുന്നതെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | | മാപ്പുകളിലും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനഭൂമിയിൽ ഉണ്ടാകുന്ന കയ്യേറ്റങ്ങൾ അപ്പപ്പോൾ കണ്ടെത്തി ഒഴിപ്പിച്ച് വരുന്നുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ റവന്യൂ-വനം വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ടുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | മുൻഗവൺമെന്റ് ഇതിനായി പ്രഖ്യാപിച്ച ഏരിയൽ സർവ്വേ നടപടികളുടെ ഫലമെന്തായിരുന്നു എന്ന് വിശദമാക്കുമോ, | (ഡി) | ഇടുക്കി ജില്ലയിലെ KDH വില്ലേജിൽ ടാറ്റാ റ്റീ കമ്പനിയുടെ കൈവശമുള്ള ഭൂമി, ഹൈദ്രാബാദിലെ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി മുഖേന സർക്കാരിന്റെ 30.11.2006-ലെ G.O.(Rt)No.4761/06/RD ഉത്തരവു പ്രകാരം സർവ്വേ നടത്തിയിട്ടുണ്ട്. |
| (ഇ) | സർക്കാർ ഭൂമി അളന്ന് അടയാളപ്പെടുത്തുന്നതിനും, അത് സംബന്ധിച്ച രേഖകൾ തയ്യാറാക്കുന്നതിനും, കയ്യേറ്റങ്ങൾ അപ്പപ്പോൾ കണ്ടെത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുകയും, നടപടിക്രമങ്ങൾ സുതാര്യമാക്കുകയും ചെയ്യുമോ ? | (ഇ) | കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്കിൽ ഉൾപ്പെട്ടു വരുന്ന 50 സെന്റിൽ കൂടുതലുള്ള റവന്യൂ പുറമ്പോക്കുകളിൽ ജണ്ടകൾ സ്ഥാപിക്കും. ആവശ്യമായ ജണ്ടകൾ നിർമ്മിച്ചു നൽകുന്നതിന് 86,43,447/- രൂപ PWD-യ്ക്ക് കൈമാറിയിട്ടുണ്ട്. കേരളത്തിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ, ഭൂമി കേരളം എന്ന പദ്ധതി നടപ്പാക്കുന്നതിലൂടെ കേരളത്തിലെ റീസർവ്വേ നടപടി പൂർത്തിയാക്കാത്ത 869 വില്ലേജുകൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് റീസർവ്വേ നടപടി സ്വീകരിക്കുന്നതാണ്. കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്ക് സംസ്ഥാനത്തെ സർക്കാർഭൂമി തിട്ടപ്പെടുത്തി അവയുടെ കാര്യക്ഷമമായ മേൽനോട്ടം |

| | | | |
|---|---|---|---|
| | | | ഉറപ്പുവരുത്തുന്നതിനും സർവ്വേ സ്കെച്ചുകൾ ഡിജിറ്റൈയ്സ് ചെയ്ത് നടപ്പിലാക്കുന്ന ജോലിയും പുരോഗമിക്കുകയാണ്. ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന സർക്കാർ ഭൂമികളിലെ അനധികൃത കൈയ്യേറ്റങ്ങൾ കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്കിലേയ്ക്ക് ഉടനെ അറിയിക്കുന്നതിന് ടോൾ ഫ്രീ നമ്പർ നിലവിലുണ്ട്. കൂടാതെ സർക്കാർ ഭൂമിയുടെ വിശദാംശം ജനങ്ങളിലേക്കെത്തിക്കുവാൻ വെബ്സൈറ്റ് http://kslb.kerala.gov.in. മുഖേന സുതാര്യത പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ